**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1142** **11-02-2025 - ൽ മറുപടിയ്ക്ക്**

**കടലാക്രമണം തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ തീരപ്രദേശങ്ങളിലെ കടലാക്രമണം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ കടപ്പുറത്ത് കടലാക്രമണം തടയുന്നതിന് വേണ്ടി 60 മീറ്റർ വടക്ക് സി.പി.സ്റ്റോൺ നമ്പർ 2614-നും 323 മീറ്റർ വടക്ക് സി.പി.സ്റ്റോൺ നമ്പർ 2620 -നുമിടയിൽ 1621 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിന് വേണ്ടി 37.03കോടി രൂപയുടെ എസ്റ്റിമേറ്റ് വേൾഡ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന ചിത്താരി കടപ്പുറത്ത് അതിരൂക്ഷമായ കടലാക്രമണം ഉണ്ടായിട്ടുണ്ട്. സി.പി.സ്റ്റോൺ നമ്പർ 2627-നും സി.പി.സ്റ്റോൺ നമ്പർ 2632 -നുമിടയിൽ 300 മീറ്റർ നീളത്തിൽ ചിത്താരിക്കടപ്പുറത്ത് കടൽ തീരസംരക്ഷണ പ്രവൃത്തിയുടെ 2.70 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ